മത്സ്യത്തൊഴിലാളികൾക്കുള്ള ആരോഗ്യരക്ഷാ പരിപാടി

98 [255] ശ്രീ. ടി. പി. എം. സാഹിർ:
" കെ. എൻ. എ. ഖാദർ:
" പി. കെ. കെ. ബാവ:
" കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കുള്ള ആരോഗ്യ രക്ഷാ പരിപാടിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിലേക്ക് 2002-03 സാമ്പത്തിക വർഷത്തിൽ എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എന്തു തുകയാണ് വക കൊള്ളിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുമുഖേന മത്സ്യത്തൊഴിലാളികൾക്കായി താഴെ പറയുന്ന ആരോഗ്യ രക്ഷാപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

		ആനുകൂല്യത്തിന്റെ തോത്
1.	മാരക രോഗ ചികിത്സാ പദ്ധതി	
	എ. കാൻസർ, വൃക്ക രോഗം എന്നിവയ്ക്ക്	50,000 രൂപ
	ബി. തളർവാതം	12,000 രൂപ
	സി. മാനസിക രോഗ ചികിത്സ	5,000 രൂപ
2.	മത്സ്യബന്ധനത്തിനിടയിലുണ്ടാകുന്ന അപകടത്തിനുള്ള ചികിത്സ	2,000 രൂപ
3.	പരിക്കിനെ തുടർന്നുള്ള താൽക്കാലിക അവശത	500 രൂപ
4.	മത്സ്യത്തൊഴിലാളികളുടെ ഭാര്യയ്ക്ക് ആദ്യത്തെ പ്രസവത്തിന് ചികിത്സാ ധനസഹായം	750 രൂപ
5.	കുടുംബ സംവിധാന പദ്ധതി	500 രൂപ

(ബി) 35,50,129 രൂപ

(സി) 40 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly